# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1477. 06-03-2017 ൽ മറുപടിയ്ക്ക്

## കോൾ നിലങ്ങളിൽ നെൽകൃഷി

| **ചോദ്യം**<br>ശ്രീ.മുരളി പെരുനെല്ലി | | **മറുപടി**<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ഇറക്കുകയുണ്ടായി; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 2900 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷിയും 2752.092 ഹെക്ടറിൽ കരനെൽകൃഷിയും 94 ഹെക്ടറിൽ ഒരുപ്പ നിലം ഇരുപ്പ നിലകൃഷിയും അധികമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) | തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ സമഗ്ര കോൾനില വികസന പദ്ധതി പ്രകാരം 626 ഹെക്ടർ സ്ഥലത്ത് ജൈവ നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. പുറക്കരപ്പടവിൽ 94 ഹെക്ടർ ഒരുപ്പ കൃഷി ചെയ്തിരുന്ന സ്ഥലം ഇരുപ്പ കൃഷിയാക്കി മാറ്റിയിട്ടുണ്ട്. |
| (സി) | അടുത്ത സീസണിൽ കൂടുതൽ പ്രദേശങ്ങളിൽ കൃഷി ഇറക്കാൻ എന്തെങ്കിലും പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | അടുത്ത സീസണിൽ നിലവിൽ നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതികൾക്കുപരിയായി 1500 ഹെക്ടർ സ്ഥലത്ത് ഒരുപ്പ കൃഷി ഇരിപ്പ കൃഷിയാക്കാനും, 3633 ഹെക്ടർ സ്ഥലത്ത് (കോൺട്രാക്ട് ഫാമിംഗ്) തരിശുനില നെൽകൃഷിയും. 1200 ലക്ഷം രൂപയുള്ള ബ്ലോക്ക് തല പദ്ധതികൾക്കായുള്ള സഹായം അനുവദിക്കുന്നതാണ്. നെൽവർഷത്തോടനുബന്ധിച്ചുള്ള പുതിയ പദ്ധതികൾക്ക് 262 ലക്ഷം രൂപയും. നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപയുള്ള പദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ